**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2551** **28-10-2026-ൽ മറുപടിയ്ക്ക്**

**സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. സി. മൊയ്തീൻ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**മറുപടി:** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് രൂപം നൽകിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ദാക്ഷായണി സ്വയംതൊഴിൽ സഹായ പദ്ധതി

2. വനിതാ സമൃദ്ധി -സ്ത്രീ ശാക്തീകരണ പദ്ധതി

3. സമൃദ്ധി കേരളം - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സംരംഭകത്വ വികസന പരിപാടി

വിശദാംശം അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

പട്ടികജാതി വികസന വകുപ്പ് മുഖം നൽകിയ പദ്ധതികൾ

**1. ദാക്ഷായണി സ്വയംതൊഴിൽ സഹായ പദ്ധതി:-**

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന അഞ്ചോ അതിൽ അധികമോ വനിതകൾ സ്വയംഭരണ അംഗങ്ങളായിട്ടുള്ളതും ജില്ലാ രജിസ്ട്രാർ ഓഫീസിൽ/കുടുംബശ്രീയിൽ/തദ്ദേശ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സ്വയം സഹായ സംഘങ്ങൾക്കും, സംരംഭം ആരംഭിക്കുന്നതിന് ആഗ്രഹിക്കുന്ന വനിതകൾക്കും (വ്യക്തിഗതം) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആനുകൂല്യം ലഭ്യമാകുന്ന ദാക്ഷായണി സ്വയംതൊഴിൽ സഹായ പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്ത് സ്ത്രീസംരംഭകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, തൊഴിൽ സൃഷ്ടിക്കുന്നതിനും, നവീന സാങ്കേതികവിദ്യയും പ്രാദേശിക വിഭവങ്ങളും പ്രയോജനപ്പെടുത്തി മത്സരക്ഷമമായ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

100 ദിന കർമ്മ പദ്ധതിയിൽ ഉൾപെടുത്തി ദാക്ഷായണി സ്വയംതൊഴിൽ സഹായ പദ്ധതി നിർവ്വഹണത്തിനായി നടപ്പ് സാമ്പത്തിക വർഷം പട്ടികജാതി വിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായി വിവിധ ജില്ലകൾക്ക് തുക അനുവദിക്കുന്നതിന് 5,00,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്.

പുതിയ ഗ്രൂപ്പ് സംരംഭം ആരംഭിക്കുന്നതിന് അംഗീകൃത പദ്ധതി തുക ബാങ്ക് വായ്പയായി സംഘങ്ങൾ/വ്യക്തികൾ സ്വരൂപിക്കേണ്ടതും വായ്പ തുകയുടെ 75 ശതമാനം (പരമാവധി 10,00,000/- രൂപ) പട്ടികജാതി വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കുന്നതാണ്. പുതിയ വ്യക്തിഗത സംരംഭം ആരംഭിക്കുന്നതിന് അഞ്ച് ലക്ഷം രൂപ വരെയുള്ള പ്രൊജക്ടുകൾക്ക് പ്രൊജക്ട് കോസ്റ്റിന്റെ 75 ശതമാനം (പരമാവധി 3,75,000/- രൂപ) പട്ടികജാതി വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ തുക നാഷണലൈസ്ഡ് ഷെഡ്യൂൾഡ് ബാങ്കുകൾ, കേരള ബാങ്ക്, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്താവുന്നതാണ്.

**ഗ്രൂപ്പ് സംരംഭം**

1. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന അഞ്ചോ അതിൽ അധികമോ വനിതകൾ അംഗങ്ങളായിട്ടുള്ളതും ജില്ലാ രജിസ്ട്രാർ ഓഫീസിൽ കുടുംബശ്രീയിൽ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സ്വയം സഹായ സംഘങ്ങൾ.

2. കുടുംബ വാർഷിക വരുമാനം ഓരോ അംഗങ്ങൾക്കും 5,00,000/- രൂപയിൽ അധികരിക്കാൻ പാടില്ല.
3. 21 മുതൽ 55 വയസ്സ് വരെ പ്രായമുള്ളവർ ആയിരിക്കണം.
4. ഒരു ഗ്രൂപ്പിൽ ഒരു കുടുംബത്തിലെ ഒന്നിലധികം അംഗങ്ങൾ ഉണ്ടാകാൻ പാടില്ല.
5. വിദ്യാഭ്യാസ യോഗ്യത-ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം.

**വ്യക്തിഗതം**

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിത ആയിരിക്കണം.
2. കുടുംബ വാർഷിക വരുമാനം 5,00,000/- രൂപയിൽ അധികരിക്കാൻ പാടില്ല.
3. 21 മുതൽ 55 വയസ്സ് വരെ പ്രായമുള്ളവർ ആയിരിക്കണം.
4. വിദ്യാഭ്യാസ യോഗ്യത ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം.

## 2. വനിതാ സമൃദ്ധി-സ്ത്രീ ശാക്തീകരണ പദ്ധതി

കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അല്ലെങ്കിൽ ജില്ലാ രജിസ്ട്രാർ ഓഫീസ് എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എസ്.സി (SC) വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് പുതിയ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വനിതാ ശാക്തീകരണവും സാമ്പത്തിക സ്വയംപര്യാപ്തതയും ലക്ഷ്യമിട്ട് 2026-27 സംസ്ഥാന ബഡ്ജറ്റിലാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി ആകെ 2 കോടി രൂപയാണ് (200 ലക്ഷം രൂപ) വകയിരുത്തിയിരിക്കുന്നത്. പദ്ധതി മാർഗരേഖ തയ്യാറായി വരുന്നു.

## പട്ടികവർഗ്ഗ വികസനം

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സുസ്ഥിരമായ ഉപജീവന സാധ്യതകൾ ഒരുക്കി കൊടുക്കുക അതുവഴി അവരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യം വച്ചുകൊണ്ട് 2025-26 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച 'പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന മിഷൻ' പദ്ധതിക്ക് കീഴിലുള്ള സംരംഭകർക്ക് വായ്പ നൽകുന്നതിനായി 'സമൃദ്ധി കേരളം - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സംരംഭകത്വ വികസന പരിപാടി', 'വനിതാ സമൃദ്ധി - സ്ത്രീ ശാക്തീകരണ പരിപാടി' എന്നീ രണ്ട് പുതിയ ഘടകങ്ങൾ വിഭാവനം ചെയ്യുകയും, ഇതിനായി 'പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന മിഷൻ' പദ്ധതിയിൽ 800 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## I) സമൃദ്ധി കേരളം – പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സംരംഭകത്വ വികസനപരിപാടി

പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള സംരംഭകർക്ക് അവരുടെ ബിസിനസ്സ് സംരംഭങ്ങൾ വിപുലീകരിക്കാൻ സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു പട്ടികവർഗ്ഗ സംരംഭകന്റെയോ/പട്ടികവർഗ്ഗ സംരംഭകരുടെ സംഘത്തിന്റെയോ മാത്രം ഉടമസ്ഥതയിലുള്ളതും ഇതിനകം പ്രവർത്തനക്ഷമവുമായ ബിസിനസ്സ് സംരംഭങ്ങൾ/സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിവയ്ക്ക് അവരുടെ പ്രവർത്തനത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും/ബിസിനസ്സ് സംരംഭങ്ങൾ വിപുലീകരിക്കുന്നതിനുമായി 3 ശതമാനം പലിശയോടുകൂടിയോ 20 ശതമാനം മാർജിൻ മണി സബ്സിഡിയോടുകൂടിയോ വായ്പാ രൂപത്തിൽ സഹായം നൽകും. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, സംസ്ഥാന കോ-ഓർഡിനേറ്റർ, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ പ്രതിനിധി എന്നിവരടങ്ങുന്ന സമിതിയാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. കേരള സംസ്ഥാന സംസ്ഥാന പട്ടികജാതി-പട്ടികവർഗ കോർപ്പറേഷൻ മുഖേന ഒരു ബിസിനസ് സംരംഭത്തിന് പരമാവധി വായ്പാ തുകയായി പരിമിതപ്പെടുത്തിയിട്ടുള്ള 10.00 ലക്ഷം രൂപ അനുവദിക്കുകയും, ഗുണഭോക്താക്കൾക്ക് ആവശ്യമായ മറ്റ് പിന്തുണ നൽകുകയും ചെയ്യും.

## II) വനിതാ സമൃദ്ധി-സ്ത്രീ ശാക്തീകരണ പരിപാടി

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകളെ, സൂക്ഷ്മ സംരംഭങ്ങളോ സ്വയം തൊഴിൽ സംരംഭങ്ങളോ ആരംഭിക്കാൻ സഹായിക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കിക്കൊണ്ട് സാമ്പത്തികമായി ശാക്തീകരിക്കുകയും അതുവഴി സ്വതന്ത്രരായ വനിതാ സംരംഭകർക്ക് ശക്തി പകരുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

വനിതാ സ്വയം സഹായ സംഘങ്ങളിലെ (എസ്.എച്ച്.ജി.) പട്ടികവർഗ്ഗ അംഗങ്ങൾക്ക് നിലവിലുള്ള സംരംഭങ്ങൾ/ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ, പുതിയ സംരംഭങ്ങൾക്കായി, താങ്ങാവുന്നതും കുറഞ്ഞ പലിശ നിരക്കിലുമായ വായ്പയായി സാമ്പത്തിക സഹായം പദ്ധതിയിലൂടെ നൽകും. ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷന്റെ (എൻ.എസ്.ടി.എഫ്.ഡി.സി.) സാമ്പത്തിക സഹായത്തോടെ, കുടുംബശ്രീ മിഷനുമായി സഹകരിച്ച് കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പരമാവധി വായ്പാ തുക ഒരാൾക്ക് 1.50 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു. കൂടാതെ വായ്പ, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് വഴി വിതരണം ചെയ്യുകയും കുടുംബശ്രീ മിഷൻ വഴി തിരിച്ചടവ് ഉറപ്പാക്കുകയും ചെയ്യുന്നു.